# അല്ലാമാ അൽബാനി

അബൂമുബീൻ

# അല്ലാമാ
# മുഹമ്മദ് നാസ്വിറുദ്ദീൻ അൽഅൽബാനി (رحمه الله)

അബൂമുബീൻ

അൽഹുദാ സലഫി ചാരിറ്റബിൾ ട്രസ്റ്റ്,
കായക്കൊടി.

رقم التصريح / ١٥٤٩١

(جميع الحقوق محفوظة)

ويحظر طبع او تصوير او ترجمة او إعادة تنضيد الكتاب كاملا او مجزا او تسجيله على أشرطة كاسيت او إدخاله على الكمبيوتر او برمجته على أسطوانات ضوئية إلا بموافقة خطية من المترجم.

*No Part of this book may be translated, reproduced, distributed in any form or by any means, or stored in a database or retrival system, without the prior written permission of the translator.*

*(Malayalam)*

Allama Muhammed Nasiruddeen Al Albani

| | |
|---|---|
| *Author* | *: Aboo Mubeen* |
| *Publishers* | *: Al Huda Salafi Charitable Trust* |
| | *: Kayakkodi- Kerala, India 673519* |
| *Printed at* | *: APH Press & Printing Institute, Calicut-1* |
| *First Published* | *: 2009* |
| *D.T.P & Cover* | *: En. Clt* |

*(Rights Reserved)*



*ഈ നൂറ്റാണ്ടിലെ മുഹെദ്ദിഥായി അറിയപ്പെടുന്ന അല്ലാമാ അശ്ശൈഖ്, അബൂഅബ്ദിർറഹ്മാൻ, മുഹെമ്മദ് നാസ്വിറുദ്ദീനുൽ അൽബാനി(رحمه الله)യുടെ ത്യാഗപൂർണമായ ജീവിതത്തിന്റെ ഒരു നഖചിത്രം.*

*സലഫുസ്വാലിഹുകളുടെ മാതൃകയിൽ, തൗഹീദിന്റെ പ്രബോധനവും സുന്നത്തുകളുടെ ഉജ്ജീവനവും ഉദ്ദേശിച്ചുകൊണ്ട് നിസ്വാർത്ഥ സേവനമർപ്പിച്ച ആ മഹാന്റെ ജീവിതത്താളുകൾ സന്മാർഗജീവിതത്തിലേക്കുള്ള ഒരു 'കൈച്ചൂണ്ടി'യാണ്. അല്ലാഹു അദ്ദേഹത്തിന് മഹത്തായ പ്രതിഫലം നൽകട്ടെ. ആമീൻ.*

## 5

# ജനനവും വളർച്ചയും.

അൽബേനിയയുടെ തലസ്ഥാനമായിരുന്ന ഉശ്ഖൂദറ എന്ന സ്ഥലത്ത് ഹി. 1332 (ക്രി.1914) ലാണ് അല്ലാമാ മുഹെമ്മദ് നാസ്വിറുദ്ദീൻ അൽഅൽബാനി(رحمه الله)യുടെ ജനനം. അൽഹാജ് നൂഹ് നജാതിയായിരുന്നു പിതാവ്. ദരിദ്രമാണെങ്കിലും മതനിഷ്ഠയും വൈജ്ഞാനികമുദ്രയുമുള്ള കുടുംബമായിരുന്നു അദ്ദേഹത്തിന്റെത്. ജനങ്ങളെ പഠിപ്പിച്ച് അവരെ വിവേകമുള്ളവരാക്കുന്ന, അവരുടെ ഒരാശാകേന്ദ്രമായിരുന്നു പിതാവ്.

അൽബേനിയയുടെ ഭരണാധികാരിയായിരുന്ന അഹ്മദ് സാഗോ, സെക്കുലർസംസ്കാരത്തിലേക്ക് രാജ്യത്തെ നയിച്ചപ്പോൾ ശൈഖ് അൽബാനി, പിതാവിനോടൊപ്പം സ്ഥിരതാമസത്തിനായി സിറിയയിലേക്ക് പലായനംചെയ്തു.

ഡമസ്കസിലെ *മദ്റസതുൽ ഇസ്ആഫിൽ ഖൈരിയ്യ*യിൽനിന്ന് ഉന്നത നിലവാരത്തോടെ അൽബാനി തന്റെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. നിസാമിയാ മദ്രസകളുടെ മതപരമായ നിലവാരമില്ലായ്മ മനസ്സിലാക്കിയ പിതാവ്, മകന് നിസാമിയാ പഠനം പൂർത്തീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. പകരം മകനുവേണ്ടി അദ്ദേഹം തന്നെ ഒരു പ്രത്യേക പാഠ്യപദ്ധതി തയാറാക്കി. അങ്ങനെ ഖുർആൻ, തജ്‌വീദ്, നഹ്‌വ്, സർഫ്, ഹനഫീ ഫിഖ്ഹ് എന്നിവ അദ്ദേഹം മകനെ പഠിപ്പിച്ചു. ശൈഖ് അൽബാനി തന്റെ പിതാ

വിൽനിന്നുതന്നെ ഹഫ്സിന്റെ രിവായത്ത് പ്രകാരം ഖുർആൻ പാരായണം പഠിച്ചു.

ശൈഖ് സഈദുൽ ബുർഹാനിയിൽനിന്ന് ഹനഫീ ഫിഖ്ഹിലെ (مراقي الفلاح)മറാഖിൽഫലാഹും മറ്റു ചില ഭാഷാസാഹിത്യ കൃതികളും പഠിച്ചു. അക്കാലത്ത് അല്ലാമാ ബഹ്ജത് ബൈത്വാറിന്റെ ക്ലാസുകളിലും പ്രഭാഷണങ്ങളിലും പങ്കുകൊള്ളാൻ ശൈഖ് അവർകൾക്ക് താൽപര്യം ജനിച്ചു.

ശൈഖ് അൽബാനി തന്റെ പിതാവിൽനിന്ന് വാച്ച് റിപ്പയറിംഗ്പഠിച്ചിരുന്നു. അതിലൂടെയായിരുന്നുഅദ്ദേഹം തന്റെ ഉപജീവനം കണ്ടെത്തിയിരുന്നത്.

വാച്ചുനന്നാക്കുന്ന ജോലി അദ്ദേഹത്തിന് വായനക്കും പഠനത്തിനും ഏറെ സമയമൊരുക്കിക്കൊടുത്തു. സിറിയയിലേക്കുള്ള യാത്ര, അറബിഭാഷാ പഠനത്തിനും *ശർഈ* വിജ്ഞാനങ്ങൾ അതിന്റെ യഥാർത്ഥ സ്രോതസ്സുകളിൽനിന്ന് നേടിയെടുക്കുന്നതിന്നുമുള്ള സുവർണാവസരമായിരുന്നു. സിറിയയിലേക്കുള്ള പലായനവും വാച്ച് റിപ്പയറിംഗ് പഠിച്ചതും അൽബാനിയെ സംബന്ധിച്ചേടത്തോളം വലിയ രണ്ട് അനുഗ്രഹങ്ങളായിരുന്നു.

## ഹദീഥ് വിജ്ഞാന മേഖലയിലേക്ക്.

ഹദീഥ് വിജ്ഞാനവുമായി ബന്ധപ്പെടരുതെന്നും ഹനഫീ ഫിഖ്ഹ് തഖ്ലീദുചെയ്യണമെന്നുമുള്ള പിതാവിന്റെ



ശക്തമായ നിർദ്ദേശമുണ്ടായിട്ടും ശൈഖ് അൽബാനി ഹദീഥ് വിജ്ഞാന മേഖലയിലേക്ക് കടന്നുവന്നു. ഏകദേശം ഇരുപത് വയസ്സ് പ്രായമുള്ളപ്പോഴാണ് അദ്ദേഹം ഹദീഥ് പഠനമാരംഭിച്ചത്. ശൈഖ് മുഹമ്മദ് റശീദ് രിദായുടെ മേൽനോട്ടത്തിൽ ഈജിപ്തിൽനിന്ന് പുറത്തിറങ്ങിയിരുന്ന അൽമനാർ മാസികയിലെ പഠനങ്ങളാണ് അല്ലാമാഅൽബാനി(رحمه الله)ക്ക് അതിന്ന് പ്രചോദനം നൽകിയത്.[1] ഹാഫിദുൽ ഇറാഖിയുടെ (المغنى عن حمل الأسفار فى تخريج ما فى الإحياء من الأخبار) എന്ന കൃതിക്ക് ചില അടിക്കുറിപ്പുകളിട്ട് പകർത്തിയെഴുതുന്ന ജോലിയാണ് അദ്ദേഹം ആദ്യം നിർവഹിച്ചത്. അൽബാനിയെ സംബന്ധിച്ചേടത്തോളം ഇത് മഹത്തായൊരു നന്മയുടെ തുടക്കമായിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവൻ ഹദീഥ് വിജ്ഞാനമേഖലയിലേക്കു തിരിഞ്ഞു. അതോടെ ഡമസ്കസിലെ വൈജ്ഞാനിക മണ്ഡലത്തിലുടനീളം അദ്ദേഹം അറിയപ്പെട്ടു. ഡമസ്കസിലെ *ളാഹിരിയ്യാ* ലൈബ്രറി അധികാരി

---

1. ഇതേപ്പറ്റി അൽബാനി ഇങ്ങനെ അനസ്മരിക്കുന്നു:

"ഞാൻ ഇൽമ് നേടാൻ തുടങ്ങിയ ഘട്ടത്തിൽ സയ്യിദ് രശീദ് രിദായെയും -അദ്ദേഹത്തിന്റെ അൽമനാർ മാസികയെ പ്രത്യേകിച്ചും- ഏറെ ഉപയോഗപ്പെടുത്തിയത് നന്നായി ഓർക്കുന്നു. എന്നാൽ, എനിക്ക് സലഫുകളുടെ മാർഗം തുറന്നുതന്ന താക്കോൽ ആ മാസികയിലുണ്ടായിരുന്നില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്നല്ല, തന്റെ ലേഖനങ്ങളിൽ പലയിടങ്ങളിലും കുറച്ചോ കൂടുതലോ ആയി അദ്ദേഹം യഥാർഥ സുന്നത്തിൽനിന്ന് വഴിതെറ്റിയത് എനിക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടുമുണ്ട്."

*(സിൽസിലതുൽ ഹുദാ വന്നൂർ- ബർനാമിജുഅഹ്‌ലിൽ ഹദീഥി വൽഅഥർ- കാസറ്റ്. നമ്പർ.226)*

കൾ അദ്ദേഹത്തിന് ഗവേഷണത്തിനായി ഒരു മുറി തന്നെ ഒഴിഞ്ഞുകൊടുത്തു. എപ്പോൾ വേണമെങ്കിലും വരാനും പോവാനും സൗകര്യത്തിൽ ലൈബ്രറിയുടെ ഒരു താക്കോലും അവർ അദ്ദേഹത്തിന് നൽകി.

ശൈഖ് അൽബാനി ഗ്രന്ഥരചനാരംഗത്തേക്ക് തിരിയുന്നത് രണ്ടാം ഘട്ടത്തിലാണ്. തെളിവ് മനസ്സിലാക്കിക്കൊണ്ടുള്ള ഫിഖ്ഹീരംഗത്തെ, അദ്ദേഹത്തിന്റെ ആദ്യത്തെ കൃതി (تحذير الساجد من اتخاذ القبور مساجد)[2]ആയിരുന്നു. ഇത് പല തവണ അച്ചടിക്കപ്പെട്ടിട്ടുണ്ട്. (الروض النضير في ترتيب والتخريج معجم الطبراني الصغير) എന്ന കൃതിയാണ് അദ്ദേഹത്തിന്റെ ഹദീഥ് മൂല്യനിർണയ രംഗത്തെ ആദ്യത്തെ ഗ്രന്ഥം. ഇതിപ്പോഴും കൈയെഴുത്ത് പ്രതിയായിത്തന്നെ കിടക്കുകയാണ്.

നബി(ﷺ)യുടെ ഹദീഥുമായി ബന്ധപ്പെട്ടുകൊണ്ടു തന്നെ ശൈഖ് അവർകളിൽ ശക്തമായ സലഫീ ആഭിമുഖ്യമുണ്ടായി. ശൈഖുൽഇസ്‌ലാം ഇബ്നുതൈമിയ(رحمه الله) യുടെയും ശിഷ്യൻ ഇബ്നുൽഖയ്യി(رحمه الله)മിന്റെയും കൃതികൾ വായിച്ചതോടെ ഈ ആഭിമുഖ്യം വർധിക്കുകയും അതിൽ അടിയുറപ്പു ലഭിക്കുകയും ചെയ്തു.

തൗഹീദിലേക്കും സുന്നത്തിലേക്കുമുള്ള പ്രബോധനത്തിന്റെ സിറിയയിലെ ധ്വജവാഹകനായി മാറി അദ്ദേഹം. ഡമസ്കസിലെ നിരവധി ശൈഖുമാരുമായി അദ്ദേഹം സംഭാഷണം നടത്തി. തൗഹീദ്, ഇത്തിബാഅ്, മദ്ഹബീ പക്ഷ

2. ഖബ്റുകളെ ആരാധനാലയമാക്കുന്നതിനെതിരിലുള്ള താക്കീതാണ് ഈ കൃതി.



പാതിത്വം, ബിദ്അത്ത് തുടങ്ങിയ വിഷയങ്ങളിൽ അവർക്കിടയിൽ നിരവധി ചർച്ചകൾ നടന്നു. അതുകൊണ്ടുതന്നെ മദ്ഹബ് പക്ഷപാതികളിൽ നിന്നും സൂഫികളിൽ നിന്നും ബിദ്അത്തിന്റെയും ഖുറാഫാത്തിന്റെയും ആളുകളിൽ നിന്നും അൽബാനിക്ക് ശക്തമായ എതിർപ്പു നേരിടേണ്ടിവന്നു. അവർ അദ്ദേഹത്തിനെതിരെ ബഹുജനങ്ങളെ ഇളക്കിവിട്ടു.വഴിപിഴച്ച വഹ്ഹാബി എന്ന് അവർ അദ്ദേഹത്തെ മുദ്രകുത്തി. അദ്ദേഹത്തോടടുത്തുപോകരുതെന്ന് അവർ ജനങ്ങളെ താക്കീതുചെയ്തു.

മറുവശത്ത് ദമസ്കസിലെ മതവിജ്ഞാന മേഖലയിലെ ശ്രദ്ധേയരായ പല പണ്ഡിതന്മാരും അദ്ദേഹത്തിന്റെ പ്രബോധനത്തോട് യോജിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയുമുണ്ടായി. അല്ലാമാ ബഹ്ജത്ത് ബൈതാർ, സിറിയയിലെ ജംഇയ്യത്തുശ്ശുബ്ബാനിൽ മുസ്‌ലിമീന്റെ അധ്യക്ഷൻ ശൈഖ് അബ്ദുൽഫത്താഹ്, ശൈഖ് തൗഫീഖ് അൽബസറ തുടങ്ങിയ ശ്രേഷ്ഠന്മാർ അവരിൽപെടുന്നു. *(അല്ലാഹു അവരെയെല്ലാം അനുഗ്രഹിക്കട്ടെ.)*

ജനങ്ങളുടെ എതിർപ്പുകൾ അദ്ദേഹം പരിഗണിച്ചിരുന്നില്ല. തന്നോടൊപ്പം ആളുകളുണ്ടോ ഇല്ലേ എന്നും അദ്ദേഹം ശ്രദ്ധിച്ചിരുന്നില്ല. മറിച്ച് തന്നോടൊപ്പം തെളിവുകളുണ്ടോ എന്നാണ് അദ്ദേഹം ശ്രദ്ധിച്ചിരുന്നത്. സത്യത്തിന്റെയും തെളിവുകളുടെയും മാർഗത്തിൽ അദ്ദേഹം അടിയുറച്ചുനിന്നു.

## സ്വഭാവഗുണങ്ങൾ.

മഹിതമായ സ്വഭാവഗുണങ്ങളാൽ അനുഗൃഹീതമായിരുന്നു അൽബാനിയുടെ വ്യക്തിത്വം. നബി(ﷺ)യുടെ ചര്യയോടുള്ള അടങ്ങാത്ത അഭിനിവേശം, അത് കാത്തുസൂക്ഷിക്കാനും പിന്തുടരാനുമുള്ള അഭിവാഞ്ച, അതിന്റെ വക്താക്കളോടുള്ള സ്നേഹം, തൗഹീദിനോടുള്ള താൽപര്യം, ശിർക്കിനും ബിദ്അത്തുകൾക്കുമെതിരെ എല്ലാ വേദികളിലും താക്കീതു നൽകൽ, സത്യം ഉൽഘോഷിക്കാനും അക്കാര്യത്തിൽ ആരെയും ഭയപ്പെടാതിരിക്കാനുമുള്ള ആർജ്ജവം, ഉപദേശം ചെവികൊള്ളാനും അബദ്ധം ചൂണ്ടിക്കാണിക്കപ്പെട്ടാൽ അത് സ്വീകരിച്ച് തെറ്റുതിരുത്താനുമുള്ള വിശാലമനസ്കത എന്നിവ ആ വ്യക്തിത്വത്തിൽ ജ്വലിച്ചുനിന്നിരുന്നു. തഖ്‌വയും ലാളിത്യവുമുള്ള ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ചർച്ചയിലും സംവാദത്തിലും അദ്ദേഹം വിശാലമനസ്കത കാണിച്ചിരുന്നു. എതിരാളിയെ നല്ല നിലക്ക് സ്വീകരിക്കാനും അഭിമുഖീകരിക്കാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ ജോർഡാനിലെ സൂഫികളുടെ ഒരു പ്രമുഖ നേതാവ് ശൈഖ് അവർകളെ കാണാൻ വന്നു. ശൈഖ് അവർകളുടെ വിനയവും മഹിതഗുണങ്ങളും അയാളെ ഏറെ ആശ്ചര്യപ്പെടുത്തി. തെളിവ് ഹാജരാക്കുന്നതിലെ കരുത്ത്, എതിരാളിയോട് നീതിയുടെ മാർഗംതെറ്റി പെരുമാറാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചിരുന്നില്ല.

ശിഷ്യന്മാരോടു പോലും ഏറെ വിനയത്തോടെയാണ് ശൈഖ് അവർകൾ പെരുമാറിയിരുന്നത്. അദ്ദേഹം തന്റെ ശിഷ്യന്മാരെ സന്ദർശിക്കുകയും അവരുടെ ക്ഷണം സ്വീകരിച്ച് കൂടെ പോവുകയുമൊക്കെ ചെയ്യാറുണ്ടായിരുന്നു. തനിക്ക് അറിവില്ലാത്ത കാര്യം തുറന്നു പറയുന്നതിനോ സദസ്യരോടുപോലും ചോദിച്ച് ഉറപ്പുവരുത്തുന്നതിനോ അദ്ദേഹത്തിന് തന്റെ പദവി തടസ്സമായിരുന്നില്ല.



ഏറെ കരയുന്ന, ലോലഹൃദയനായിരുന്നു അദ്ദേഹം. തന്നെ, ആരെങ്കിലും പ്രശംസിക്കുന്നത് കേട്ടാൽ അദ്ദേഹം അതിനെ ശക്തമായി എതിർക്കുമായിരുന്നു.

## അൽബാനിയും പക്ഷപാതിത്വങ്ങളും.

സലഫുകളുടെ ജീവിതശൈലിയുമായി പൊരുത്തപ്പെടാത്ത, മതത്തിന്റെ പേരിലുള്ള പാർട്ടീപക്ഷപാതിത്വങ്ങളോട് ശൈഖ് അൽബാനിക്ക് വെറുപ്പായിരുന്നു. ഇക്കാര്യം ശൈഖിന്റെ ശിഷ്യന്മാരിലൊരാൾ ഇങ്ങനെ അനുസ്മരിക്കുന്നു:

ഏകദേശം ഇരുപതു വർഷം മുമ്പ് (ക്രി. 2000-ലാണിത് പറയുന്നത്. -ലേഖകൻ.) ഒരു മജ്‌ലിസിൽ വെച്ച് ശൈഖ് ഇങ്ങനെ പറഞ്ഞത് ഞാനോർക്കുന്നു:

*“മദ്ഹബീ പക്ഷപാതിത്വം പോയിക്കഴിഞ്ഞുവെങ്കിലും-അല്ലെങ്കിൽ, ചിലത് ഇന്ന് കാണപ്പെടുന്നില്ലെങ്കിലും- സമകാലികമായ മറ്റൊരു പക്ഷപാതിത്വം ഇന്ന് അതിന്റെ*

*സ്ഥാനം കൈയടക്കിയിരിക്കുന്നു. അഥവാ-പാർട്ടികളുടെയും സംഘങ്ങളുടെയും പക്ഷപാതിത്വം.!"*

അൽബാനി, ചൂണ്ടിക്കാണിച്ച ഈ പക്ഷപാതിത്വ മനസ്ഥിതി സമുദായത്തിൽ, നാൾക്കുനാൾ വർധിച്ചുവരുന്നതാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ( لا حول ولا قوة إلا بالله )

## പ്രബോധന പ്രവർത്തനങ്ങൾ.

ശൈഖ് അൽബാനി താഴെ പറയുന്ന പ്രബോധന പ്രവർത്തനങ്ങളിൽ നിരതനായിരുന്നു:

i. ആഴ്ചയിൽ രണ്ടുതവണ നടത്താറുണ്ടായിരുന്ന വിജ്ഞാന ക്ലാസ്. ഇതിൽ വിദ്യാർത്ഥികളും ചില യൂണിവേഴ്സിറ്റി അധ്യാപകരും പങ്കുകൊള്ളാറുണ്ടായിരുന്നു. തന്റെ വിജ്ഞാന സദസ്സുകളിൽ അദ്ദേഹം പഠിപ്പിക്കാറുണ്ടായിരുന്ന ഗ്രന്ഥങ്ങളിൽ ചിലത്:

1. *അബ്ദുർറഹ്മാൻ ബ്ൻ ഹസനുബ്ൻ മുഹമ്മദുബ്ൻ അബ്ദുൽ വഹാബിന്റെ ഫത്ഹുൽ മജീദ്.*
2. *സിദ്ദീഖ് ഹെസൻഖാന്റെ അർറൗളതുന്നദിയ്യ ശർഹുദ്ദുററിൽ ബഹിയ്യ.*
3. *അബ്ദുൽ വഹ്ഹാബ് ഖല്ലാഫിന്റെ ഉസ്വൂലുൽ ഫിഖ്ഹ്.*
4. *ഇബ്നുകഥീറിന്റെ അൽബാഇഥുൽ ഹഥീഥ്-ശർഹു*



*ഇഖ്തിസ്വാറിൽ ഹദീഥ്- അഹ്മദ് ശാകിറിന്റെ ശർഹ്.*

5. *മുഹെമ്മദ് അസദിന്റെ മിൻഹാജുൽ ഇസ്ലാം ഫിൽ ഹുകും.*
6. *സയ്യിദ് സാബിഖിന്റെ ഫിഖ്ഹുസ്സുന്ന.*
7. *ഇമാം ബുഖാരിയുടെ അൽഅദബുൽമുഫ്റദ്.*
8. *ഹാഫിദ് അൽമുൻദിരിയുടെ അത്തർഗീബു വത്തർഹീബ്.*
9. *ഇബ്നുഹജറിൽ അസ്ഖലാനിയുടെ നുഖ്ബതുൽഫിക്ർ.*
10. *ഇബ്നുൽഖയ്യിമിന്റെ സാദുൽമആദ്.*

ii. വ്യവസ്ഥാപിതമായ പ്രതിമാസ യാത്രകൾ. തുടക്കത്തിൽ ഇത് മാസത്തിലൊരിക്കൽ മാത്രമായിരുന്നു. പിന്നീടദ്ദേഹം അത് വർധിപ്പിച്ചു. സിരിയയിലെ വിവിധ പ്രവിശ്യകൾ അദ്ദേഹം സന്ദർശിക്കാറുണ്ടായിരുന്നു. ജോർഡാനിൽ സ്ഥിരതാമസമാക്കുന്നതിന് മുമ്പ് അവിടത്തെ ചില ഭാഗങ്ങളും ശൈഖ് തന്റെ ഈ യാത്രയിലുൾപ്പെടുത്തിയിരുന്നു.

എന്നാൽ, ശൈഖിനെതിരെ ഭരണാധികാരിയുടെ അടുത്ത് ഏഷണി പറഞ്ഞുകൊടുത്ത് അദ്ദേഹത്തെ ജയിലിലടപ്പിക്കാൻ പ്രബോധന രംഗത്തെ എതിരാളികൾ ഈ സന്ദർശന പരിപാടി ആയുധമായുപയോഗിച്ചു.

## ക്ഷമയും പലായനവും.

ശൈഖ് അൽബാനിക്ക് രാഷ്ട്രീയ പ്രവർത്തനങ്ങളുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. എന്നിട്ടുകൂടി 1960-കളുടെ തുടക്കത്തിൽ അദ്ദേഹം സിരിയൻ ഗവർൺമെന്റിന്റെ നിരീക്ഷണത്തിൻ കീഴിലായിരുന്നു. ഇത് അദ്ദേഹത്തിന് ചില പ്രതിബന്ധങ്ങൾ സൃഷ്ടിച്ചു. അവർ അദ്ദേഹത്തെ രണ്ടുതവണ അറസ്റ്റു ചെയ്തു. 1967-നു മുമ്പാണ് ആദ്യത്തെ അറസ്റ്റ്. ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയയെ പാർപ്പിച്ചിരുന്ന ദമസ്കസിലെ കോട്ടയിൽ ഒരു മാസക്കാലം ശൈഖ് അൽബാനി അറസ്റ്റിലായിരുന്നു.

1967-ൽ യുദ്ധമുണ്ടായപ്പോൾ മുഴുവൻ രാഷ്ട്രീയ തടവുകാരെയും മോചിപ്പിച്ചുവെങ്കിലും യുദ്ധം കഠിനമായപ്പോൾ ശൈഖ് അവർകൾ രണ്ടാമതും തടവിലായി. ദമസ്കസിന്റെ വടക്കുകിഴക്ക് ഭാഗത്തുള്ള ഹസ്കയിലെ ജയിലിലായിരുന്നു രണ്ടാം തവണ അടക്കപ്പെട്ടത്. അവിടെ അദ്ദേഹം എട്ടു മാസം കഴിച്ചുകൂട്ടി. ഈ സമയത്താണ് അദ്ദേഹം ഹാഫിദുൽമുൻദിരിയുടെ മുഖ്തസർ സ്വഹീഹ് മുസ്‌ലിമിന്റെ തഹ്ഖീഖ് നടത്തുന്നത്. ജയിലിൽവെച്ച് അദ്ദേഹത്തിന് പല ഉന്നത വ്യക്തികളുമായി ബന്ധപ്പെടാൻ സാധിച്ചിരുന്നു.

## വൈജ്ഞാനിക സേവനങ്ങൾ.

ശൈഖിന്റെ വൈജ്ഞാനിക സേവന പ്രവർത്തനങ്ങൾ നിരവധിയാണ്. അവയിൽ ചിലത്:



1. ശൈഖ് ഇസ്സുദ്ദീൻ തന്നൂഹിയെപ്പോലുള്ള, ദമസ്കസിലെ വൈജ്ഞാനിക സമുച്ചയത്തിലെ ചില അധ്യാപകരോടൊപ്പം അൽബാനി(رحمه الله), ശൈഖ് മുഹമ്മദ് ബഹ്ജതുൽബൈത്വാറിന്റെ ചർച്ചാക്ലാസുകളിൽ പങ്കുകൊള്ളാറുണ്ടായിരുന്നു. അവർ അവിടെ വെച്ച് അബുത്തമ്മാമിന്റെ *ഹമാസ* വായിക്കാറുണ്ടായിരുന്നു.

2. ദമസ്കസ് സർവ്വകലാശാല 1955-ൽ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ച ഇസ്‌ലാമിക് ഫിഖ്ഹ് വിജ്ഞാനകോശത്തിലെ, കച്ചവട സംബന്ധിയായ ഹദീഥുകളുടെ തഹ്ഖീഖ് നടത്താൻ ശൈഖ് അൽബാനി ചുമതലയേൽപിക്കപ്പെട്ടു.

3. സിരിയ- ഈജിപ്ത് ഐക്യകാലത്ത് നബിചര്യാ കൃതികൾ പ്രസിദ്ധീകരിക്കാനും ഗവേഷണം നടത്താനും രൂപീകൃതമായ ഹദീഥ് സഭയിൽ ശൈഖ് അൽബാനി അംഗമായിരുന്നു.

4. ബനാറസിലെ(ഉത്തരേന്ത്യ) ജാമിഅ സലഫിയ്യ തങ്ങളുടെ ശൈഖുൽ ഹദീഥായി ചുമതലയേറ്റെടുക്കാൻ അൽബാനിയെ ക്ഷണിച്ചുവെങ്കിലും ഇന്ത്യ-പാക്ക് യുദ്ധം നടന്നുകൊണ്ടിരുന്ന കാലമായിരുന്നതിനാൽ അങ്ങോട്ട് കുടുംബത്തെ കൊണ്ടുപോകാനുള്ള പ്രയാസം നിമിത്തം അദ്ദേഹം ആ ക്ഷണം നിരസിക്കുകയായിരുന്നു.

5. ഹി. 1388-ൽ സഊദിയിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശൈഖ് ഹസൻ അബ്ദുല്ല ആലുശൈഖ്, അല്ലാമാ

അൽബാനിയെ മക്ക സർവ്വകലാശാലയിലെ ഇസ്‌ലാമിക് ഹയർ സ്റ്റഡീസിന്റെ മേൽനോട്ടം വഹിക്കാൻ ക്ഷണിച്ചുവെങ്കിലും ചില പ്രതിബന്ധങ്ങൾ കാരണം അദ്ദേഹത്തിന് അതേറ്റെടുക്കാൻ സാധിച്ചില്ല.

6. ഹി. 1395 മുതൽ 1398 വരെ മദീനയിലെ ജാമിഅ ഇസ്‌ലാമിയയിലെ അധ്യാപകനും ജാമിഅയുടെ ഉന്നത സഭാംഗവുമായിരുന്നു.

7. സ്പെയിനിലെ മുസ്‌ലിം സ്റ്റുഡന്റ്സ് യൂണിയന്റെ ക്ഷണം സ്വീകരിച്ച് അവിടെ അദ്ദേഹം പ്രഭാഷണം നടത്തുകയുണ്ടായി. *അൽഹദീഥു ഹുജ്ജതുൻ ബിനഫ്സിഹി ഫിൽ അഖാഇദി വൽഅഹ്കാം. (വിശ്വാസകാര്യങ്ങളിലും വിധിവിലക്കുകളിലുമൊക്കെ ഹദീഥ് സ്വയം തന്നെ തെളിവാണ്.)* എന്ന പേരിൽ പിന്നീടത് അച്ചടിക്കപ്പെട്ടിട്ടുണ്ട്.

8. ഖത്തർ സന്ദർശിച്ച് *മൻസിലതുസ്സുന്നതി ഫിൽ ഇസ്‌ലാം(നബിചര്യയുടെ സ്ഥാനം ഇസ്‌ലാമിൽ)* എന്ന പേരിൽ ഒരു പ്രഭാഷണം നടത്തുകയുണ്ടായി.[3]

9. ജനങ്ങളെ തൗഹീദിലേക്ക് ക്ഷണിക്കാൻ-ഖുർആനും സുന്നത്തും യഥാർത്ഥ ഇസ്‌ലാമിക മൻഹജും മുറുകെപ്പിടിക്കാൻ ആഹ്വാനം നടത്താൻ- ഈജിപ്ത്, മൊറോക്കോ, ബ്രിട്ടൻ തുടങ്ങിയ രാജ്യങ്ങളിലേക്ക് സഊദി അറേബ്യയിലെ ഇദാറതുൽ ബുഹൂഥ് വൽഇഫ്താഅ് അധ്യക്ഷൻ ശൈഖ് അബ്ദുൽഅസീസ് ബ്ൻ ബാസ്(റ)), ശൈഖ് അൽബാ

3. ഇസ്‌ലാമിക് ഇൻഫർമേഷൻ സെന്റർ,ദുബൈ (2001-ൽ) ഇത് മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. -പ്രസാ.



നിയെ നിയോഗിക്കുകയുണ്ടായി.

10. നിരവധി സമ്മേളനങ്ങളിൽ പങ്കുകൊള്ളാൻ അദ്ദേഹത്തിന് ക്ഷണം കിട്ടിയിരുന്നുവെങ്കിലും ജോലിത്തിരക്കുകളും മറ്റും കാരണമായി, എല്ലാറ്റിലും പങ്കെടുക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നില്ല.

11. കുവൈത്ത്, യു.എ.ഇ തുടങ്ങിയ രാജ്യങ്ങളിലേക്ക് ക്ഷണിക്കപ്പെടുകയും നിരവധി പ്രഭാഷണങ്ങൾ നടത്തുകയുമുണ്ടായി. അദ്ദേഹം പല യൂറോപ്യൻ രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്. അവിടങ്ങളിലെ ഇസ്‌ലാമിക് ജാലിയാത്തുകളെയും മുസ്‌ലിം വിദ്യാർത്ഥികളെയും സന്ദർശിച്ച് ക്ലാസ് നടത്തിയിട്ടുണ്ട്.

12. ശൈഖ് അൽബാനി(റ)ക്ക് രചനകളും ഗവേഷണ പഠനങ്ങളുമായി നൂറിലേറെ കൃതികളുണ്ട്. പലതും വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെടുകയും നിരവധി തവണ അച്ചടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അവയിൽ മുഖ്യമായ ചിലത്:

*i. ഇർവാഉൽഗലീൽ ഫീതഖ്‌രീജി അഹാദീഥി മനാരിസ്സബീൽ.*
*ii. സിൽസിലതുൽ അഹാദീഥിസ്സ്വഹീഹ.*
*iii. സിൽസിലതുൽ അഹാദീഥിദ്ദഈഫ വൽമൗളൂഅ.*
*iv. സ്വിഫതു സ്വലാതിന്നബി...*
*v. അഹ്കാമുൽ ജനാഇസ് വബിദഉഹാ*

vi. ആദാബുസ്സിഫാഫ്

vii. തഹ്ദീറുസ്സാജിദ് മിൻ ഇത്തിഖാദിൽ ഖുബൂരി മസാജിദ്.

viii. തമാമുൽമിന്ന ഫിത്തഅ്ലീഖി എലാ കിതാബി ഫിഖ്ഹിസ്സുന്ന.

ix. അത്തവസ്സുൽ- അൻവാഉഹു വഅഹ്കാമുഹു.

x ഹജ്ജതുന്നബിയ്യി(ﷺ)

xi സ്വഹീഹുൽ അദബിൽ മുഫ്റദ് ലിൽ ബുഖാരി.

xii സ്വഹീഹുത്തർഗീബി വത്തർഹീബ് ലിൽ മുൻദിരി.

xiii. സ്വഹീഹുൽ ജാമിഇസ്സഗീർ.

xiv. സ്വഹീഹുൽ കലിമിത്ത്വയ്യിബ്.

xv. സ്വലാതുത്തറാവീഹ്.

13. ശൈഖ് അൽബാനിയുടെ, ഹദീഥ് വിജ്ഞാന മേഖലയിലെ മഹത്തായ സേവനങ്ങൾ പരിഗണിച്ച് അന്താരാഷ്ട്ര ഫൈസൽ അവാർഡ് നൽകാൻ ഹി.1419ൽ(ക്രി. 1999) കമ്മിറ്റി തീരുമാനമെടുത്തു.

## അൽബാനിയുടെ വസ്വിയ്യത്ത്.

"ഭൂമുഖത്തുള്ള മുഴ്വൻ മുസ്ലിംകൾക്കുമുള്ള-വിശിഷ്യാ- സലഫുസ്സ്വാലിഹുകളുടെ മൻഹജ് പ്രകാരം ഖുർആനിന്റെയും സുന്നത്തിന്റെയും പ്രബോധനം നിർവ്വഹിക്കുന്നതിൽ നമ്മോട് സഹകരിക്കുന്ന സഹോദരന്മാർക്കുള്ള- എന്റെ വസ്വിയ്യത്താണിത്.



ആദ്യമായി ഞാൻ എന്നോടും അവരോടും വസ്വിയ്യത്തു ചെയ്യുന്നത്, അല്ലാഹുവിനെ സൂക്ഷിച്ച് ജീവിക്കണമെന്നാണ്. പിന്നെ, ഉപകാരപ്രദമായ വിജ്ഞാനം കൂടുതൽ നേടിയെടുക്കണമെന്നും. ﴿واتقوا الله ويعلمكم الله﴾ (നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹു നിങ്ങൾക്ക് പഠിപ്പിച്ചുതരുന്നു.) എന്ന് (ഖുർആൻ. 2/194) അല്ലാഹു പറഞ്ഞതുപോലെ.

പിന്നെ, അവർ തങ്ങളുടെ അമലുസ്സ്വാലിഹ് എന്താണെന്ന് മനസ്സിലാക്കണം. നമ്മുടെയൊക്കെ അഭിപ്രായത്തിൽ അത് ഖുർആൻ, സുന്നത്ത്, സലഫുസ്സ്വാലിഹുകളുടെ മൻഹജ് എന്നിവയിൽനിന്ന് പുറത്തല്ല. (പ്രസ്തുത വിജ്ഞാനം കഴിയുന്നത്ര കൂടുതൽ നേടിയെടുക്കുന്നതോടൊപ്പം തന്നെ) പഠിച്ചതനുസരിച്ച് പ്രവർത്തിക്കുക കൂടി വേണം. എങ്കിലേ തങ്ങൾ പഠിച്ച വിജ്ഞാനം അവർക്കെതിരാവാതെ, അനുകൂലമായി പരലോകത്ത് സാക്ഷ്യം വഹിക്കൂ.

﴿ يوم لا ينفع مال ولا بنون . إلا من أتى الله بقلب سليم ﴾

"കുറ്റമറ്റ ഹൃദയത്തോടെ അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ, സ്വത്തോ സന്താനങ്ങളോ ഉപകരിക്കാത്ത ദിവസം." (വി.ഖു. 26/88, 89)

വിവിധ കാര്യങ്ങളാൽ സലഫുകളുടെ മൻഹജിൽനി

ന്നു പുറത്തുപോയ ധാരാളം ആളുകളുണ്ട്. വളരെയേറെ കാര്യങ്ങൾകൊണ്ട്....الخروج على المسلمين (മുസ്‌ലിംകൾക്കും അവരുടെ ജമാഅത്തിനും എതിരിൽ ഇറങ്ങിപ്പുറപ്പെടുക) എന്ന വാക്കിൽ അതെല്ലാം ഉൾക്കൊണ്ടിട്ടുണ്ട്. അവരോട് സഹകരിക്കുന്നതിനെതിരെ ഞാൻ താക്കീതുചെയ്യുന്നു. സ്വഹീഹായ ഹദീഥിൽ നബി(ﷺ) പ്രസ്താവിച്ചതുപോലെ, അഥവാ–അല്ലാഹു നിങ്ങളോട് കൽപിച്ചതുപോലെ:

( وكونوا عباد الله إخوانا كما أمركم الله تبارك وتعالى )

''നിങ്ങൾ അല്ലാഹുവിന്റെ അടിമകൾ, സഹോദരന്മാരായി മാറണമെന്നാണ് " എനിക്ക് ആജ്ഞാപിക്കാനുള്ളത്. മുമ്പ് ഞാൻ പറഞ്ഞത് ഒരിക്കൽ കൂടി ആവർത്തിക്കുകയാണിവിടെ. കാരണം, ആവർത്തനത്തിൽ ഗുണഫലമുണ്ട്. നമ്മുടെ എതിരാളികളെ നമ്മുടെ മാർഗത്തിലേക്ക് ക്ഷണിക്കുമ്പോൾ നാം കനിവുകാണിക്കേണ്ടതുണ്ട്. എന്നും എപ്പോഴും നമ്മുടെ ദഅ്‌വത്ത് അല്ലാഹുവിന്റെ ഈ വചനം അനുസരിച്ചായിരിക്കണം.

﴿ أدع إلى سبيل ربك بالحكمة والموعظة الحسنة وجادلهم بالتي هي أحسن ﴾

"...ഹിക്മത്തോടു കൂടിയും സദുപദേശം മുഖേനെ യും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ചു കൊള്ളുക. ഏറ്റവും നല്ലതുകൊണ്ട് [4]അവരുമായി സംവാദം

4. അഥവാ-സലഫുസ്വാലിഹുകൾ മനസ്സിലാക്കിയ രൂപത്തിൽ ഖുർആനും സുന്നത്തുമാകുന്ന രു വഴ്യുകൾകൊ് എന്നർത്ഥം.



നടത്തുകയും ചെയ്യുക....." (വി. ഖു.16/125)

"നമ്മുടെ തത്വങ്ങളിലും വിശ്വാസങ്ങളിലും നമ്മോട് ഏറ്റവുമേറെ വൈരം പുലർത്തുന്നവരാണ് ഇവിടെ പറഞ്ഞ ഈ ഹിക്മത്ത് പ്രയോഗിക്കപ്പെടാൻ ഏറ്റവും അർഹതപ്പെട്ടവർ. അല്ലാഹു നമുക്ക് കനിഞ്ഞുനൽകിയ സത്യത്തിന്റെ പ്രബോധന ഭാരവും അല്ലാഹുവിന്റെ മാർഗത്തിലേക്ക് ക്ഷണിക്കുന്നതിന്റെ ശൈലീഭാരവും രണ്ടും കൂടി കുന്നുകൂടാതിരിക്കാനാണ് ഞാനിത് പറയുന്നത്."

ഈ ഇസ്‌ലാമിക മര്യാദകൾ ഉൾക്കൊള്ളാൻ എല്ലാ ഇസ്‌ലാമിക രാജ്യങ്ങളിലെയും മുഴുവൻ സഹോദരങ്ങളോടും ഞാൻ താൽപര്യപ്പെടുകയാണ്. അതിന്റെ പിന്നിൽ അല്ലാഹുവിന്റെ വജ്ഹല്ലാതെ മറ്റുപ്രതിഫലമോ നന്ദിയോ പ്രതീക്ഷിക്കാതിരിക്കാനും ഞാൻ അവരോട് ആവശ്യപ്പെടുകയാണ്."

## അവസാനത്തെ വസ്വിയ്യത്ത്

ശൈഖ് അൽബാനിയുടെ ഏറ്റവും ഒടുവിലെ വസ്വിയ്യത്ത് ഇപ്രകാരമാണ്:

"ഞാനെന്റെ ഭാര്യയോടും മക്കളോടും സുഹൃത്തുക്കളോടും, എല്ലാ സ്നേഹിതന്മാരോടും വസ്വിയ്യത്തുചെയ്യുന്നത് എന്റെ മരണവാർത്ത കിട്ടിയാൽ അവരെനിക്ക് മഗ്ഫിറത്തിനും(പാപമോചനത്തിനും) റഹ്മത്തിനും(എനിക്കുമേ

ൽ കാരുണ്യം ചൊരിയപ്പെടാനും) വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കണമെന്നും അവർ എന്റെ പേരിൽ ഉച്ചത്തിൽ നിലവിളിക്കരുതെന്നുമാണ്. എന്നെ വേഗത്തിൽ മറവുചെയ്യണമെന്നാണ് രണ്ടാമതായി എനിക്ക് പറയാനുള്ളത്. മയ്യിത്ത് സംസ്കരണത്തിന് അനിവാര്യമായ തോതിലപ്പുറം താമസിപ്പിക്കരുത്. എന്റെ അടുത്ത ബന്ധുക്കളെയോ സഹോദരങ്ങളെയോ എന്റെ മരണവിവരം അറിയിക്കേണ്ടതില്ല.[5] എന്റെ അയൽവാസിയും നിഷ്കളങ്കസുഹൃത്തുമായ ഇസ്സത്ത് ഖളിർ അബൂഅബ്ദില്ലായും സഹായത്തിനായി അദ്ദേഹം തെരഞ്ഞെടുക്കുന്ന ആളുകളുമാണ് എന്നെ കുളിപ്പിക്കേണ്ടത്. എന്റെ മയ്യിത്ത് വണ്ടിയിൽ കയറ്റാനോ മയ്യിത്തു സംസ്കരണത്തിൽ പങ്കെടുക്കുന്നവർ വണ്ടിയിലേറിപ്പോവാനോ ഇടവരുന്ന വിധത്തിൽ മയ്യിത്ത് ദൂരെകൊണ്ടുപോവാതെ ഏറ്റവും അടുത്ത സ്ഥലത്ത്-അതും പിന്നീട് മാന്തപ്പെടാൻ ഇടയില്ലാത്ത ഒരു പഴയ ഖബ്ർസ്ഥാനിൽ-മറവുചെയ്യപ്പെടുന്നതാണ് ഞാൻ ഇഷ്ടപ്പെടുന്നത്.

ഞാൻ മരണപ്പെടുന്ന സ്ഥലത്തെ ആളുകളോട് എനിക്ക് പറയാനുള്ളത് ആ നാട്ടിന്റെ പുറത്തുള്ള എന്റെ മക്കളെപ്പോലും -മറ്റുള്ളവർ പിന്നെയല്ലേ?- മയ്യിത്ത് മറവുചെയ്യപ്പെട്ട ശേഷമല്ലാതെ എന്റെ മരണവാർത്തയറിയിക്കരുതെന്നാണ്. അവർ വികാരങ്ങൾക്ക് [illegible] ഖബറടക്കം വൈകാനും അത് കാരണമായേക്കും. ഞാൻ മുന്തി

5. ശൈഖ് അൽബാനിയുടെ മരണസ്ഥലത്തുനിന്ന് ദൂരെ കഴിയുന്നവരെ അറിയിക്കുന്നതിനെപ്പറ്റിയാണിവിടെ പറയുന്നത്. അവർ വന്നുചേരുന്നതുവരെ മയ്യിത്തുമറമാടാതെ കാത്തിരിക്കേണ്ടിവരുമെന്നതിനാലാണിത്. ഒട്ടും താമസിപ്പിക്കാതെ മയ്യിത്തുമറമാടുകയെന്നതാണല്ലോ നബിചര്യ.



ച്ചുചെയ്തതും പിന്തിച്ചുവെച്ചതുമായ പാപങ്ങൾ പൊറുക്കപ്പെട്ട നിലയിൽ അല്ലാഹുവിനെ കണ്ടുമുട്ടാൻവേണ്ടി ഞാൻ അവനോട് പ്രാർത്ഥിക്കുകയാണ്.

എന്റെ ലൈബ്രറി -അച്ചടിക്കപ്പെട്ടതും അല്ലാത്തതും എന്റേതോ മറ്റുള്ളവരുടെതോ ആയ കൈപ്പടയിലുള്ളതുമെല്ലാം തന്നെ-ഞാൻ മദീനാ യൂണിവേഴ്സിറ്റിയിലെ ഇസ്ലാമിക് ലൈബ്രറിക്ക് സംഭാവന ചെയ്യുകയാണ്. അവിടെ ഞാനൊരധ്യാപകനായിരുന്നപ്പോൾ, ഖുർആനിലേക്കും സുന്നത്തിലേക്കും സലഫുസ്സാലിഹുകളുടെ മൻഹജിലേക്കുമുള്ള പ്രബോധന മാർഗത്തിലെ കുറെ നല്ല ഓർമ്മകളുണ്ടെനിക്കവിടെ. മുമ്പ് വിദ്യാർത്ഥികൾ അതിന്റെ ഉടമയിൽനിന്ന് ഉപകാരമെടുത്തതുപോലെത്തന്നെ ലൈബ്രറി സന്ദർശകർക്ക് അതു പ്രയോജനപ്പെടട്ടെ എന്ന് ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയാണ്.. അവരെക്കൊണ്ടും അവരുടെ നിഷ്കളങ്കമായ പ്രാർത്ഥനകൊണ്ടും എനിക്ക് ഉപകരിക്കട്ടെ എന്നും ഞാൻ പ്രാർത്ഥിക്കുകയാണ്."

﴿ رب أوزعني أن أشكر نعمتك التي أنعمت علي وعلى والدي وأن أعمل صالحا ترضاه وأصلح لي في ذريتي إني تبت إليك وإني من المسلمين ﴾

"എന്റെ രക്ഷിതാവേ എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തുതന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദി കാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽക്കർമ്മം പ്രവർത്തിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ എനിക്ക് നീ നന്മയുണ്ടാക്കിത്തരിക

*യും ചെയ്യേണമേ. തീർച്ചയായും ഞാൻ നിന്നിലേക്ക് ഖേദിച്ചുമടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ മുസ്ലിംകളുടെ കൂട്ടത്തിലാകുന്നു.” (വി.ഖു. 46/15)*

*– ഹി. 1410. ജുമാദുൽ അവ്വൽ. 27*

## അൽബാനിയുടെ മരണം

ഏകദേശം രണ്ടുവർഷം നീണ്ട അസുഖത്തിനു ശേഷം ഹി. 1420 ജുമാദാ ഥാനിയ. 22 ന് (ക്രി. 1999. ഒക്ടോബർ. 2) ശനിയാഴ്ച അസ്വ്റിനുശേഷം ജോർഡാന്റെ തലസ്ഥാനമായ അമ്മാനിൽ വെച്ച് തന്റെ 88-ാം വയസ്സിൽ അല്ലാമാ അൽബാനി ഈ ലോകത്തോട് വിടവാങ്ങി. അമ്മാനിൽ തന്നെയാണ് അദ്ദേഹം മറവുചെയ്യപ്പെട്ടത്. വേഗത്തിൽ മറവു ചെയ്യണമെന്ന അദ്ദേഹത്തിന്റെ വസ്വിയ്യത്തു പ്രകാരം പെട്ടെന്നുതന്നെ 'ജനാസ' കർമ്മങ്ങൾ നടന്നു. നബി(ﷺ)യുടെ സുന്നത്ത് പാലിച്ചുകൊണ്ടായിരുന്നു അതത്രയും. കൂടുതൽ പ്രചാരണമില്ലാതിരുന്നിട്ടുകൂടി അദ്ദേഹത്തിന്റെ മയ്യിത്തു നമസ്കാരത്തിൽ വലിയ ജനാവലി പങ്കുകൊണ്ടു. ശൈഖ് അൽബാനി(رحمه الله)ക്ക് ഒരുഭാര്യയും ഏഴ് ആൺമക്കളും ആറു പെൺമക്കളുമുണ്ട്. അദ്ദേഹത്തെയും നമ്മെയും അല്ലാഹു അവന്റെ സ്വർഗത്തിൽ ഒരുമിച്ചുകൂട്ടുമാറാകട്ടെ. ആമീൻ.

*വിശദ വായനക്ക്:*

1. *കൗകബതുൻ മിൻ അഇമ്മതിൽഹുദാ.. ഡോ. ആസ്വിമുൽ ഖർയൂതി*
2. *ഹയാതുൽ അൽബാനി....*

# نبذة من حياة

العلامة الشيخ /محمد ناصر الدين الألباني رحمه الله

(باللغة المليبارية)

**أبو مبين**

"എതിരാളികളെ നമ്മുടെ മാർഗത്തിലേക്ക് ക്ഷണിക്കുമ്പോൾ നാം അവരോട് കനിവുകാണിക്കേണ്ടതുണ്ട്.................."

"......ഹിക്മത്തോടുകൂടിയും സദുപദേശം മുഖേനെയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക........." (വി.ഖു.16/125)

"നമ്മുടെ തത്വങ്ങളിലും വിശ്വാസങ്ങളിലും നമ്മോട് ഏറ്റവുമേറെ വൈരംപുലർത്തുന്നവരാണ് ഇവിടെ പറഞ്ഞ ഈ ഹിക്മത്ത് പ്രയോഗിക്കപ്പെടാൻ ഏറ്റവും അർഹതപ്പെട്ടവർ..............." -അല്ലാമാ അൽബാനി (رحمه الله)

أمانة الهدي الخيرية السلفية

كاباكودي- كيرالا- الهند